**സ്റ്റേറ്റ് പ്ലാൻ 2018-19 ഏലപ്പാറക്കും സമീപ വില്ലേജുകൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി- പീരുമേട് പഞ്ചായത്തിൽ വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി.**

## റിപ്പോർട്ട്

ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ ഉൾപ്പെടുന്ന ഏലപ്പാറ, പീരുമേട്, മഞ്ചുമല, പെരുവന്താനം, കൊക്കയാർ എന്നീ വില്ലേജുകൾക്കായി 1999-ൽ എ.ആർ.പി യിൽ ഉൾപ്പെടുത്തി 1960 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച ഈ ശുദ്ധ ജല വിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തങ്ങൾ 2000-ൽ ആണ് ആരംഭിച്ചത്. ഈ പദ്ധതിക്ക് 20.06.2012-ൽ 2743.46 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതിയും ലഭിച്ചിട്ടുള്ളതാണ്. പദ്ധതിക്ക് ആവശ്യമായ ജലം പെരിയാറിന് തീരത്ത് ഹെലിബറിയയിൽ നിർമ്മിച്ചിരിക്കുന്ന കിണറിൽ നിന്നുമാണ് ലഭ്യമാക്കുന്നത് പ്രതിദിനം 9.50 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജല ശുദ്ധീകരണശാല, 3 ഇന്റർ മീഡിയേറ്റ് ബൂസ്റ്റിംഗ് സ്റ്റേഷനുകൾ, രണ്ട് സംപ് കം പമ്പ് ഹൗസുകൾ, 27 ഭൂതല ജല സംഭരണികൾ, 0.41 കിലോ മീറ്റർ റോ വാട്ടർ പമ്പിംഗ് മെയിൻ, 7.30 കിലോ മീറ്റർ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ 24.75 കിലോ മീറ്റർ ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ, 115 കിലോ മീറ്റർ വിതരണ പൈപ്പ് ലൈനുകൾ എന്നിവ ഉൾപ്പെട്ടതാണ് ഈ പദ്ധതി. ഈ പദ്ധതിയുടെ കിണർ, ചെക്ക് ഡാം, ശുദ്ധീകരണശാല, പമ്പ് ഹൗസുകൾ, ജല സംഭരണികൾ, പമ്പിംഗ് ലൈനുകൾ, ഗ്രാവിറ്റി ലൈനുകൾ, എന്നിവയുടെ പ്രവത്തി കൾ എ.ആർ.പി ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ച് പ്രവർത്തനം 2016 -ൽ ആരംഭി ച്ചിട്ടുള്ളതാണ്. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം വിതരണ ശൃംഖലകൾ പൂർണ്ണമായും സ്ഥാപിക്കുവാൻ കഴിയാത്തതിനാൽ എൻ.ആർ.ഡി. ഡബ്ലിയു.പിയിൽ ഉൾപ്പെടുത്തി ഏലപ്പാറ, പെരുവന്താനം, കൊക്കയാർ എന്നീ പഞ്ചായത്തുകളിലെ വിതരണ ശൃംഖലകൾക്കും പീരുമേട് - വണ്ടിപ്പെരിയാർ പഞ്ചായത്തുകളിൽ ഗ്രാവിറ്റി/പമ്പിംഗ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവർത്തികൾക്കുമായി 2011 -ൽ 1910.76 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും ടി പ്രവർത്തികൾ 2018-ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പീരുമേട് പഞ്ചായത്തിൽ ശുദ്ധ ജല വിതരണ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവർത്തിക്ക് സ്റ്റേറ്റ് പ്ലാൻ 2018-19 -ൽ പെടുത്തി 1535 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും പണികൾ 2019 മെയ് മാസത്തിൽ ആരംഭിക്കുകയും ചെയ്തു. പീരുമേട് പഞ്ചായത്തിൽ പണി പൂർത്തീകരിച്ച് കിടക്കുന്ന പള്ളിക്കുന്ന്, കുട്ടിക്കാനം, ത്രിശങ്കു, കച്ചേരിക്കുന്ന്, പരുന്തുംപാറ, ലക്ഷ്മിക്കോവിൽ എന്നീ ഭൂതല ജല സംഭരണികളിൽ നിന്നുമാണ് ജല വിതരണ കുഴലുകൾ സ്ഥാപിക്കുന്നത്. ഇതിന് 80 മില്ലീ മീറ്റർ മുതൽ 200 മില്ലീ മീറ്റർ വരെ വ്യാസമുള്ള 95 കിലോമീറ്റർ ഡി.ഐ, പി.വി.സി, ജി.ഐ പൈപ്പുകളാണ് ഉപയോഗിച്ചിരിക്കുന്നത്. ഇവയുടെ പ്രവൃത്തികളാണ് ഇപ്പോൾ പൂർത്തീകരിച്ചിരിക്കുന്നത്. പീരുമേട് പഞ്ചായത്തിലെ എല്ലാ മേഖലകളിലും വണ്ടിപ്പെരിയാർ പഞ്ചായത്തിലെ രാജമുടി, ഗ്രാമ്പി മേഖലകളിലും ഉൾപ്പെട്ട 37873 പേർക്ക് ഇതുകൊണ്ട് പ്രയോജനം ലഭിക്കും. ജല ജീവൻ മിഷൻ പദ്ധതി വഴി പീരുമേട് പഞ്ചായത്തിലെ 3035 കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്ന പവൃത്തിയും പുരോഗമിച്ചുവരുകയാണ്.